ഉത്തരം

നടപടികൾ സ്വീകരിച്ചു വരുന്നു.

പാംപ്പാടി പഞ്ചായത്തിലെ കൂട്ടുങ്ങൽ പാലം പണി

488. [603] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാംപാടി പഞ്ചായത്തിലെ കൂട്ടുങ്ങൽ പാലം പണി നടത്തുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ ?

ഉത്തരം

അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മലബാറിലെ ദേവസ്വങ്ങളുടെ ഭരണം

489. [604] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ ദേവസ്വങ്ങളുടെ ഭരണ നിർവ്വഹണത്തിന് എന്തെങ്കിലും സംവിധാനമുണ്ടോ ;

(ബി) മേൽപ്പറഞ്ഞ ദേവസ്വങ്ങൾക്ക് ഗവൺമെൻറ് ഗ്രാൻറ് നൽകാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രവീതം ;

(ഡി) ഗ്രാൻറ് നൽകുന്നതിനുള്ള മാനദണ്ഡമെന്ത് ?

ഉത്തരം

(എ) ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ് ആണ് മലബാറിലെ ദേവസ്വങ്ങളുടെ ഭരണ മേൽനോട്ടം നടത്തുന്നത്.

(ബി) മലബാറിലെ കേടുപാടുകൾ സംഭവിച്ച ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണ പണികൾക്ക് വേണ്ടി 1985-86-ലും 1986-87-ലും സഹായധനം നൽകിയിട്ടുണ്ട്.

(സി) 1985-86-ൽ 10 ലക്ഷം രൂപയും 1986-87-ൽ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് ഗ്രാൻറ്

490. [605] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

25-5-1985-നു ശേഷം സംസ്ഥാനത്തെ ദേവസ്വംബോർഡുകൾക്ക് ഓരോ വർഷവും സർക്കാർ നൽകിയ ഗ്രാൻറ് എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഭരണഘടന അനുശാസിക്കുന്ന പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് എല്ലാവർഷവും 46.50 ലക്ഷം രൂപ ഗ്രാൻറായി അനുവദിക്കുന്നുണ്ട്. അത് 3 തവണകളായാണ് അനുവദിക്കുന്നത്. ഈ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ ആദ്യത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. രണ്ടാമത്തെ ഗഡുവായ 15½ ലക്ഷം രൂപ അനുവദിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്പെഷ്യൽഗ്രാൻറായി 12-9-1985-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 15 ലക്ഷം രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

7-11-1985-ൽ കൊച്ചിൻ ദേവസ്വംബോർഡിന് 1974-75 മുതൽ 1984-85 വരെ കുടിശ്ശിക 1,05,805,47 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾക്ക് യഥാക്രമം 13 ലക്ഷവും 7-ലക്ഷവും രൂപ വീതം സ്പെഷ്യൽ ഗ്രാൻറായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിന് രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പൈതൃകം നഷ്ടപ്പെട്ട ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ നടപടി

491. [606] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തു ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പൈതൃകം നഷ്ടപ്പെട്ട ക്ഷേത്രങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകി.

(ബി) ഇനി എത്ര ക്ഷേത്രങ്ങൾക്ക് എത്ര സംഖ്യവീതം സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ എണ്ണം 1067. കൊടുത്ത തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) നിലവിലുള്ള കോസ്സുകളിൽ ഇനി 703 ക്ഷേത്രങ്ങൾക്ക് ആനുവിറ്റിഫിക്സ് ചെയ്യുവാൻ ബാക്കിയുണ്ട്. ആനുവിറ്റി ഫിക്സ് ചെയ്തുകഴിഞ്ഞാൽ മാത്രമേ എത്ര തുക നൽകാൻ കഴിയുമെന്നുപറയാൻ സാധിക്കുകയുള്ളൂ.

II ശ്രദ്ധക്ഷണിക്കൽ

(1) റേഷനരിയുടെ വിലവർദ്ധന

ശ്രീമതി ഗൗരിഭായി തങ്കപ്പൻ : സർ, റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ റേഷൻ അരിയുടെ വില 6 പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി. 1-10-1982-ൽ 13 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-6-1983 മുതൽ 10 പൈസവച്ച് വർദ്ധിപ്പിച്ചു. 16-1-1984 മുതൽ 21 പൈസ വച്ച് വർദ്ധിപ്പിച്ചു. 13-10-1985 മുതൽ 9 പൈസ വച്ച് വർദ്ധിപ്പിച്ചു. 2-2-1986 മുതൽ 14 പൈസയും 28-9-1986 മുതൽ 8 പൈസയും വച്ച് വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ് പ്രാവശ്യം ഈ നാലരവർഷങ്ങൾക്കുള്ളിൽ വിലവർദ്ധിപ്പിക്കുകയുണ്ടായി. 1980-ൽ ഒരു കിലോഗ്രാം അരിക്ക് 1 രൂപ 80 പൈസയായിരുന്നത് ഇന്ന് 2 രൂപ 85 പൈസയായി വർദ്ധിച്ചിട്ടുണ്ട്. 28-9-1986-ൽ ഒരു കിലോഗ്രാം റേഷൻ അരിക്ക് 8 പൈസ വച്ച് വർദ്ധിപ്പിച്ചപ്പോൾ, നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly